സാങ്കേതിക പരീക്ഷ കൺട്രോളറുടെ കാര്യാലയം

കൈമനം,തിരുവനന്തപുരം

നം:C4/315/2020/CTE

തീയതി:15.10.2020

**വിജ്ഞാപനം** നമ്പർ : 27 / ആഗസ്റ്റ് 2020

വിഷയം: കെ.ജി.സി.ഇ ഫൈൻ ആർട്സ് & ആനിമേഷൻ പരീക്ഷ 2020

1. കെ.ജി.സി.ഇ (ഫൈൻ ആർട്സ്& ആനിമേഷൻ) പരീക്ഷ ഈ വിജ്ഞാപനം പ്രകാരം സാങ്കേതിക പരീക്ഷ കൺട്രോളർ നടത്തുന്നതായിരിക്കും.
2. പരീക്ഷ കേന്ദ്രങ്ങൾ താഴെ പറയുന്നവ ആയിരിക്കും.
    1. **ഗവ:വനിതാപോളിടെക്നിക് കോളേജ് തിരുവനന്തപുരം**
    2. **ഗവ:വനിതാ പോളിടെക്ക്നിക് കോളേജ് കളമശ്ശേരി**
    3. **കേരള ഗവ: പോളിടെക്നിക് കോളേജ് കോഴിക്കോട്**
    4. **ഗവ: ഐ.പി.ടി. & ജി.പി.റ്റി ഷൊർണൂ.ർ**
3. പ്രയോഗിക പരീക്ഷകൾ തിയറി പരീക്ഷകൾക്കൊപ്പമോ തിയറി പരീക്ഷകൾ അവസാനിച്ച ഉടനെയോ നടത്തുന്നതാണ്.
4. പരീക്ഷ കേന്ദ്രങ്ങളായി തെരഞ്ഞെടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ പ്രിൻസിപ്പൾമാർ പരീക്ഷയുടെ ചീഫ് സൂപ്രണ്ടുമാരായിരിക്കും.യാതൊരു കാരണവശാലും ചുമതലകളിൽ നിന്നും ഒഴിവാക്കപ്പെടുന്നതല്ല.

<u>പരീക്ഷയിൽ പങ്കെടുക്കുന്നതിനുള്ള യോഗ്യത</u>കൾ

5. പൊതു പരീക്ഷ കമ്മീഷണർ നടത്തുന്ന പത്താം ക്ലാസ് പരീക്ഷ അല്ലെങ്കിൽ തുല്യമായ പരീക്ഷയിൽ പങ്കെടുക്കണം എന്നതാണ് പരീക്ഷയിൽ പങ്കെടുക്കുന്നത്തിനുള്ള അടിസ്ഥാന യോഗ്യത.
6. പരീക്ഷാർത്ഥികൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരമുള്ള ഫൈൻആർട്സ് സ്ഥാപനങ്ങളിൽ പഠനം പൂർത്തിയാക്കി സാങ്കേതിക പരീക്ഷാ കൺട്രോളറിൽ നിന്നും പെർമനെന്റ് രജിസ്റ്റർ നമ്പർ നേടിയവരായിരിക്കണം.
7. പരീക്ഷാർത്ഥികൾ ഓരോ വർഷത്തെയും പരീക്ഷാ എഴുതുവാൻ അതാത് ക്ലാസ്സുകളിൽ 80% ഹാജർ ഉണ്ടായിരിക്കണം.
8. വർഷത്തിൽ ഒരു പരീക്ഷ മാത്രം നടത്തുന്നതായിരിക്കും.
9. ഒന്നും രണ്ടും വർഷങ്ങളിലെ എല്ലാ വിഷയങ്ങളും വിജയിക്കുന്ന പരീക്ഷാർത്ഥികൾക്ക് സാങ്കേതിക പരീക്ഷാ വിഭാഗം ജോയിന്റ് കൺട്രോളർ സർടിഫിക്കറ്റ് നൽകുന്നതാണ്.
10. 29.11.2013 ലെ GO (ms) 711/HEDN എന്ന സർക്കാർ ഉത്തരവ് അനുസരിച്ചുള്ള പരീക്ഷാ ഫീസ്.
11.

| | |
|---|---|
| എല്ലാതിയറി പരീക്ഷകൾക്കും കൂടി | 630/- |
| പ്രയോഗികപരീക്ഷ ഓരോന്നിനും പരീക്ഷാ കേന്ദ്രത്തിൽ അടക്കേണ്ട അധികഫീസ് | 160/- |
| തിയറി/പ്രയോഗിക പരീക്ഷയുടെ സപ്ലിമെന്ററി പരീക്ഷക്കു ഓരോന്നിനും | 160/-വീതം |
| തിയറി/ പ്രായോഗിക പരീക്ഷകളുടെ ഫീസ് അടക്കേണ്ട ഹെഡ് ഓഫ് അക്കൌണ്ട് | 0202-02-101-98 Examination Fees |

പരീക്ഷാ ഫീസ് സ്ഥാപന മേധാവികൾ ശേഖരിച്ച് ട്രഷറിയിൽ അടച്ച് ഒറിജിനൽ ചലാൻ ഓരോ വിദ്യാർത്ഥിയുടെയും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

| | |
|---|---|
| പിഴയില്ലാതെ പരീക്ഷാ ഫീസ് അടക്കേണ്ട അവസാന തീയതി | 30/10/2020 |
| പ്രതിദിനം 25/- രൂപ പിഴയോടുകൂടി പരീക്ഷാ ഫീസ് അടക്കേണ്ട അവസാന തീയതി | 06/11/2020 |
| 790/-രൂപ സൂപ്പർ ഫൈനോടുകൂടി പരീക്ഷാ ഫീസ് അടക്കേണ്ട അവസാന തീയതി | 07/11/2020 |

12.അപേക്ഷ അയക്കേണ്ട വിധം

സ്ഥാപന മേധാവികൾ വിദ്യാർഥികളിൽ നിന്നും പരീക്ഷാ ഫീസും അപേക്ഷയും വാങ്ങി പരിശോധിച്ച് മേലൊപ്പ് വച്ച് ഒറിജിനൽ ചലാൻ സഹിതം സാങ്കേതിക പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ 11.11.2020 മുമ്പായി എത്തിക്കേണ്ടതാണ്. ഫീസിളവുള്ള വിദ്യാർഥികൾ ഉണ്ടെങ്കിൽ ആയതിനുള്ള വ്യക്തമായ രേഖകളും സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. അപേക്ഷഫോറം ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

13. പരീക്ഷ തീയതിയും സമയക്രമവും ഉടൻ തന്നെ പ്രസിദ്ധീകരിക്കുന്നതാണ്. പരീക്ഷയെ സംബന്ധിക്കുന്ന എല്ലാ അറിയിപ്പുകളും ഔദ്യോഗിക വെബ്സൈറ്റായ WWW.tekerala.org എന്ന സൈറ്റിലെ നോട്ടീസ് ബോർഡി.ൽ ലഭ്യമാകുന്നതാണ്.

14. കെ.ജി.സി പരീക്ഷകൾക്ക് ഉള്ള വിജ്ഞാപനങ്ങളിൽ നൽകിയിട്ടുള്ള നിർദേശങ്ങൾ ഈ പരീക്ഷക്കും ബാധകമായിരിക്കുന്നതാണ്.




ജോയിന്റ് കൺട്രോള.ർ